**"ഭരണഭാഷ – മാതൃഭാഷ"**

**നം:എൻ.എം.എ(1)–6076/2021/ഡി.ജി.ഇ**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**ജഗതി, തിരുവനന്തപുരം 695 141**
**ഫോൺ:–0471– 2580 548**
**ഇ–മെയിൽ:–supdtnma.dge@kerala.gov.in**
**തീയതി : 19/02/2022**

## <u>പരിപത്രം</u>

വിഷയം:– പൊതുവിദ്യാഭ്യാസം–സ്കൂൾ ഉച്ചഭക്ഷണ പദ്ധതി– 2021–22– സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണം – മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു– സംബന്ധിച്ച്

സൂചന :– 1. സ.ഉ (സാധാ) നം.3480/2021/പൊ.വി.വ തീയ്യതി:–27.7.2021

2. ഈ കാര്യാലയത്തിലെ 6.2.2022 തീയ്യതിയിലെ ഇതേ നമ്പർ കത്ത് (സപ്ലൈകോ എം.ഡി യ്ക്ക് നൽകിയ കത്ത്)

3. ഈ കാര്യാലയത്തിലെ 9.2.2022 തീയ്യതിയിലെ ഇതേ നമ്പർ കത്ത്

*******

2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണത്തിനാവശ്യമായ അരി സ്കൂളുകളിൽ നേരിട്ട് എത്തിച്ച് നൽകുവാൻ സൂചന (2) പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനും, വിതരണം നടുത്തുന്നതിന് സ്കൂളുകൾക്ക് ആവശ്യമായ അരി 14.02.2022 നുള്ളിൽ പദ്ധതിയുടെ സ്റ്റേറ്റ് സോഫ്റ്റ്‌വെയർ മുഖാന്തിരം പാസ്സാക്കി ബന്ധപ്പെട്ട മാവേലി സ്റ്റോറുകളിൽ /ഡിപ്പോകളിൽ സമർപ്പിക്കുവാൻ സൂചന (3) പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു.

സ്കൂളുകളിൽ ലഭ്യമാകുന്ന അരി അർഹരായ എല്ലാ കുട്ടികൾക്കും അടിയന്തിരമായി വിതരണം ചെയ്യേണ്ടതിനാൽ, ഇത് സംബന്ധിച്ച് സ്കൂൾ പ്രഥമാദ്ധ്യാപകർക്കും, വിതരണ പുരോഗതി മോണിറ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജില്ലാ, ഉപജില്ലാ തലങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

### <u>സ്കൂൾ പ്രഥമാദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ</u>

**(i)** 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേക്ക്, പ്രൈമറി വിഭാഗത്തിന് (പ്രീ–പ്രൈമറി ഉൾപ്പടെ) ആകെ 39 ദിവസങ്ങൾക്കും അപ്പർ പ്രൈമറി വിഭാഗത്തിന് 44 ദിവസങ്ങൾക്കുമുള്ള ഭദ്രതാ അലവൻസാണ് വിതരണം ചെയ്യുന്നത്. വിവിധ വിഭാഗത്തിൽ വരുന്ന കുട്ടികൾക്ക് , ചുവടെ നൽകിയിട്ടുള്ള പട്ടിക പ്രകാരം അരി വിതരണം നടത്തേണ്ടതാണ്.

| **വിഭാഗം** | **ഭക്ഷ്യ ഭദ്രതാ അലവൻസിന്റെ ഭാഗമായി ഒരു കുട്ടിക്ക് നൽകേണ്ട ആകെ അരി** |
|---|---|
| പ്രീ–പ്രൈമറി | 1 കിലോഗ്രാം |
| പ്രൈമറി | 4 കിലോഗ്രാം |
| അപ്പർ പ്രൈമറി | 7 കിലോഗ്രാം |

**(ii)** ഉച്ചഭക്ഷണ പദ്ധതിയുടെ സ്റ്റേറ്റ് സോഫ്റ്റ്‌വെയറിൽ (www.mdms.kerala.gov.in) രേഖപ്പെടുത്തിയിട്ടുള്ള ഫീഡിങ് സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ബന്ധപ്പെട്ട സപ്ലൈകോ ഔട്ട്ലെറ്റുകളിൽ (മാവേലി സ്റ്റോർ)/ഡിപ്പോകളിൽ നൽകിയിട്ടുള്ള ഇൻഡന്റ് പ്രകാരമാണ് വിതരണത്തിനുള്ള അരി സ്കൂളുകളിൽ എത്തിക്കുന്നത്. വിതരണം പൂർത്തീകരിക്കുന്നതുവരെ അരി അടച്ചുറപ്പുള്ള മുറികളിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

**(iii)** വിതരണത്തിനായി ലഭിച്ച അരിയുടെ ഗുണമേന്മ സംബന്ധിച്ച് എന്തെങ്കിലും പരാതിയുള്ള പക്ഷം ആയത് ഉടൻ തന്നെ സപ്ലൈകോ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്. ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയോ നൂൺ മീൽ ഓഫീസറുടെയോ ശ്രദ്ധയിലും വിഷയം കൊണ്ടുവരേണ്ടതാണ്.

**(iv)** സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി, പി.ടി.എ പ്രതിനിധികൾ, എസ്.എം.സി അംഗങ്ങൾ, മദർ പി.ടി.എ, ഉച്ചഭക്ഷണ പാചകത്തൊഴിലാളി/തൊഴിലാളികൾ എന്നിവരുടെയൊക്കെ സഹകരണത്തോടെ വേണം അരി വിതരണം ചെയ്യേണ്ടത്. കൂട്ടം ചേരുന്നതടക്കമുള്ള സാഹചര്യങ്ങൾ ഒഴിവാക്കി, കോവിഡ് പ്രോട്ടോകോളുകൾ കർശനമായി പാലിച്ച് കൊണ്ട് വേണം ഇതിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കേണ്ടതും വിതരണം നടത്തേണ്ടതും.

**(v)** ക്ലാസ് വൈസ് **acquittance register** ചുവടെ കാണിച്ചിരിക്കുന്ന മാതൃകയിൽ തയ്യാറാക്കേണ്ടതും അരി കൈപ്പറ്റുന്ന രക്ഷിതാക്കളുടെ ഒപ്പ് ടി രജിസ്റ്ററിൽ രേഖപ്പെടുത്തി രജിസ്റ്റർ ഓഡിറ്റ് പരിശോധനകൾക്കും മറ്റുമായി സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്.

**<u>ഭക്ഷ്യ ഭദ്രതാ അലവൻസ് – സെപ്റ്റംബർ & ഒക്ടോബർ, 2021– അരി വിതരണം<br>അക്വിറ്റൻസ് രജിസ്റ്റർ</u>**

**ക്ലാസ്സ് :–**

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | അഡ്മിഷൻ നമ്പർ | രക്ഷിതാവിന്റെ പേര് | കൈപ്പറ്റിയ അരിയുടെ അളവ് | രക്ഷിതാവിന്റെ ഒപ്പ് (തീയ്യതിയോട് കൂടിയ ഒപ്പ്) |
|---|---|---|---|---|---|

**ക്ലാസ്സ് ടീച്ചറുടെ പേരും ഒപ്പും**

**സ്കൂൾ പ്രഥമാദ്ധ്യാപകന്റെ/പ്രഥമദ്ധ്യാപികയുടെ പേരും ഒപ്പും (ഔദ്യോഗിക സീൽ ഉൾപ്പെടെ)**

**(vi)** സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ അരിയോടൊപ്പം ഭക്ഷ്യ ഭദ്രതാ അലവൻസിന്റെ തന്നെ ഭാഗമായി 2022 ജനുവരി മാസം നൽകേണ്ട അരി കൂടി വിതരണം ചെയ്യേണ്ടതാണ്.

**(vii)** 2022 ജനുവരി മാസത്തെ ഭക്ഷ്യ ഭദ്രതാ അലവൻസുമായി ബന്ധപ്പെട്ട് വിതരണം ചെയ്യുന്ന അരിയുടെ കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തുവാൻ പ്രത്യേക അക്വിറ്റൻസ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

**(viii)** വിതരണം ചെയ്യേണ്ട അരിയുടെ അളവ് കൂടുതലായതിനാൽ, കുട്ടികളുടെ രക്ഷിതാക്കളോട് സ്കൂളിൽ വന്ന് അരി കൈപ്പറ്റുവാൻ അഭ്യർത്ഥിക്കേണ്ടതാണ്. ഇതിനായി, ഓരോ ക്ലാസ്സ് /ഡിവിഷനും പ്രത്യേക സമയക്രമം നിശ്ചയിക്കേണ്ടതും ഇത് സംബന്ധിച്ച അറിയിപ്പ് മുൻകൂട്ടി രക്ഷിതാക്കൾക്ക് നൽകേണ്ടതുമാണ്.

**(ix)** സപ്ലൈകോ സംഭരണശാലകളിൽ/ഔട്ട്ലെറ്റുകളിൽ നിന്ന് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണത്തിനായി സ്കൂളുകളിൽ ലഭിക്കുന്ന അരിയുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ അതത് ദിവസം തന്നെ ഉച്ചഭക്ഷണ പദ്ധതിയുടെ സ്റ്റേറ്റ് സോഫ്റ്റ് വെയറിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. സ്റ്റോക്ക് എൻട്രി നടത്തുന്നതിന്, സോഫ്റ്റ്‌വെയറിലെ ഫുഡ് സെക്യൂരിറ്റി അലവൻസ് എന്ന മെയിൻ മെനുവിന് കീഴിൽ "റൈസ് സ്റ്റോക്ക് എൻട്രി" എന്ന സബ് മെനു ക്ലിക്ക് ചെയ്ത് മാസം (SEP 2021– OCT 2021), തീയ്യതി (received date), ക്ലാസ്സ് എന്നിവ സെലക്റ്റ് ചെയ്യേണ്ടതും തുടർന്ന് അരിയുടെ അളവ് രേഖപ്പെടുത്തി 'Add' ബട്ടൺ ക്ലിക്ക് ചെയ്ത് ഡാറ്റ സേവ് ചെയ്യേണ്ടതുമാണ്.

**(x)** വിതരണം ചെയ്യുന്ന അരിയുടെ വിവരങ്ങൾ വിതരണ ദിവസം തന്നെ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി ഫുഡ് സെക്യൂരിറ്റി അലവൻസ് എന്ന മെയിൻ മെനുവിന് കീഴിൽ "റൈസ് ഡിസ്ട്രിബ്യൂഷൻ എൻട്രി" എന്ന സബ് മെനു ക്ലിക്ക് ചെയ്ത് മാസം (SEP 2021– OCT 2021), വിതരണ തീയ്യതി (distribution date), എന്നിവ സെലക്റ്റ് ചെയ്യേണ്ടതും തുടർന്ന് കുട്ടികളുടെ എണ്ണം (പ്രീ-പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി തിരിച്ച്) രേഖപ്പെടുത്തി 'Save' ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്.

**(xi)** 2022 ജനുവരി മാസത്തെ ഭക്ഷ്യ ഭദ്രതാ അലവൻസുമായി ബന്ധപ്പെട്ട് വിതരണം ചെയ്യുന്ന അരിയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക പ്രൊവിഷൻ സോഫ്റ്റ്‌വെയറിൽ നൽകുന്നതാണ്.

**<u>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ</u>**

**(i)** ഉപജില്ലാ കാര്യാലയങ്ങളിൽ നിന്ന് പാസ്സാക്കി നൽകിയ ഇൻഡന്റ് പ്രകാരമുള്ള അരി സ്കൂളുകൾക്ക് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം അതത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൂൺ മീൽ ഓഫീസർമാർക്കുമാണ്. വിതരണത്തിനായി ലഭിച്ച അരിയുടെ ഗുണമേന്മ സംബന്ധിച്ച് എന്തെങ്കിലും പരാതി സ്കൂളുകളിൽ നിന്നും ലഭിക്കുന്ന പക്ഷം ആയത് സപ്ലൈകോ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി അന്നേ ദിവസം തന്നെ പരിഹാരം കാണേണ്ടതാണ്.

**(ii)** അരിയുടെ സ്റ്റോക്ക് എൻട്രി, ഡിസ്ട്രിബ്യൂഷൻ എൻട്രി എന്നിവ അതത് ദിവസങ്ങളിൽ തന്നെ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുവാൻ സ്കൂളുകൾക്ക് കർശന നിർദ്ദേശം നൽകേണ്ടതും ടി നിർദ്ദേശം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**(iii)** കോവിഡ് പ്രോട്ടോകോളുകൾ കർശനമായി പാലിച്ചു കൊണ്ടാണ് സ്കൂളുകളിൽ നിന്ന് അരി വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**(iv)** വിതരണത്തിനായി സ്കൂളുകളിൽ എത്തിക്കുന്ന അരി സമയബന്ധിതമായി രക്ഷിതാക്കൾക്ക് വിതരണം ചെയ്യപ്പെടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ് . ഇതിനായി സ്കൂളുകളിൽ ആകസ്മിക സന്ദർശനം നടത്തി ആവശ്യമായ പരിശോധനകൾ നടത്തേണ്ടതും ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണത്തിൽ ഗൗരവപരമായ വീഴ്ചകൾ ബോധ്യപ്പെടുന്ന പക്ഷം ആയത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതുമാണ്.

**<u>വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കുള്ള നിർദ്ദേശങ്ങൾ</u>**

**(i)** ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണവുമായി ബന്ധപ്പെട്ട് മേൽ ഖണ്ഡികകളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ സ്കൂൾ പ്രഥമദ്ധ്യാപകർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, നൂൺമീൽ ഓഫീസർമാർ എന്നിവർ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**(ii)** ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണത്തിന് സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്കും

സ്കൂളുകൾക്കും നൽകേണ്ടതുമാണ്.

**(iii)** സപ്ലൈകോ ഡിപ്പോ മാനേജർമാർ, റീജിയണൽ മാനേജർ എന്നിവരുമായി ബന്ധപ്പെട്ട് കൊണ്ട് സ്കൂളുകളിലേക്കുള്ള അരിയുടെ വിതരണത്തിന്റെ പുരോഗതി മോണിറ്റർ ചെയ്യേണ്ടതാണ് . വിതരണ സംബന്ധമായി എന്തെങ്കിലും പ്രശ്ങ്ങൾ അഭിമുഖീകരിക്കുകയാണെങ്കിൽ ആയത് സപ്ലൈകോ അധികൃതരുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാ തലത്തിൽ പരിഹരിക്കുവാൻ കഴിയുന്നില്ലെങ്കിൽ, വിഷയം ഉടൻ തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉച്ചഭക്ഷണ വിഭാഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Signature Not Verified
Digitally signed by SANTHOSH C A
Date: 2022.02.19 15:51:05 IST
Reason: Approved
Location: ERNAKULAM

സി എ സന്തോഷ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**സ്വീകർത്താവ്:**

1. വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ
2. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
3. സ്കൂൾ പ്രഥമാദ്ധ്യാപകർ

**പകർപ്പ്:**

1. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)– (സി.എ മുഖാന്തിരം
2. സീനിയർ ഫിനാൻസ് ഓഫീസർ (സി.എ മുഖാന്തിരം)
3. ചീഫ് പ്ലാനിംഗ് ഓഫീസർ
4. സൂപ്രണ്ട്, എൻ.എം (ബി) സെക്ഷൻ
5. കരുതൽ ഫയൽ/അധികം